DESPATCHED
On 08/06/2020

17/03/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **AP 1584(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.10204/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ജി. താണുപിള്ള,
എൻ.റ്റി.വി. നഗർ 86,
വടക്കേ പാറ്റൂർ, കടപ്പാക്കട പി.ഒ.,
കൊല്ലം - 691 008.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
പൊതു ഭരണ (ഏകോപനം) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
അഡീഷണൽ സെക്രട്ടറി,
പൊതു ഭരണ (ഏകോപനം) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 24.4.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 8.5.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.5.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 2.6.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.6.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 16.6.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 8.7.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 20.7.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16.3.2020, കമ്മീഷൻ ആസ്ഥാനം. |
| ഹിയറിംഗ് സാന്നിദ്ധ്യം : | ഇരുകക്ഷികളും ഹാജരായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജി. താണുപിള്ള കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, എം.എൽ.എ., എം.പി., മറ്റ് ജനപ്രതിനിധികൾ എന്നിവർ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്ന് വ്യക്തമാക്കുന്ന രേഖ

ആവശ്യപ്പെട്ടുവെങ്കിലും ആയത് വകുപ്പിൽ ലഭ്യമല്ലെന്ന മറുപടിയാണ് എതിർകക്ഷികൾ നൽകിയത് എന്നും മേൽപ്പടി മറുപടി തൃപ്തികരമല്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ യ്ക്ക് 9.4.15 തീയതി ഒരു അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ആയത് നിരസിച്ചു കൊണ്ടുള്ള മറുപടിയാണ് ലഭിച്ചത് എന്നും ആയതിനാൽ എം.എൽ.എ., എം.പി. മറ്റ് ജനപ്രതിനിധികൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്ന് വ്യക്തമാക്കുന്ന രേഖ നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ മേൽപ്പടി വകുപ്പിൽ ലഭ്യമല്ല എന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിലെ 8–ാം വകുപ്പു പ്രകാരം ഒഴിവാക്കപ്പെടേണ്ടതല്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖ നൽകുന്നതിനുള്ള നടപടി ഉണ്ടാകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ പൊതു അധികാരിയുടെ കൈവശം ഇല്ലാത്തതിനാലാണ് ഒന്നാം എതിർകക്ഷി അപ്രകാരം മറുപടി നൽകിയത് എന്നും സംസ്ഥാനത്തെ എം.പി.മാർ, എം.എൽ.എ.മാർ, ജനപ്രതിനിധികൾ എന്നിവർ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവർ ആണെന്നു വ്യക്തമാക്കുന്ന ഉത്തരവുകളോ സർക്കുലറുകളോ പൊതു ഭരണ (ഏകോപനം) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖ എതിർകക്ഷി ഓഫീസിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലാണ് അക്കാര്യം വ്യക്തമാക്കി ഹർജിക്കാരന് മറുപടി നൽകിയിരുന്നത് എന്നു കാണുന്നു. അത്തരത്തിലുള്ള രേഖ സർക്കാർ പുപ്പെടുവിച്ചിട്ടുള്ളതാണെന്നു സ്ഥാപിക്കുന്ന യാതൊന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജാക്കിയിട്ടുമില്ല. ആയതിനാൽ എതിർകക്ഷികൾ നൽകിയിട്ടുള്ള മറുപടികൾ നിയമാനുസൃതമാണെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

bnk

RIGHT TO INFORMATION